ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ. ശ്രീ.ബി.ടി.വി.കൃഷ്ണൻ, ബി.ടെക്.)

**ഉത്തരവ് നമ്പർ. ബി2/7914/2014/സി.ഇ തീയതി : 24/12/2020**

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി. ശ്രുതി സുരേഷ് കുമാറിന്റെ 04/12/2020 ലെ അപേക്ഷ.
2. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.രജനീഷ്.പി.എസ് ന്റെ 04/08/2020 ലെ അപേക്ഷ.
3. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.ബിന്ദു.കെ.എസ് ന്റെ 23/09/2020 ലെ അപേക്ഷ.

ഹാർബർ എഞ്ചിനീയറിംഗ് കോഴിക്കോട്, പുതിയാപ്പ സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി. ശ്രുതിസുരേഷ് കുമാർ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം കോഴിക്കോട് ജില്ലയിൽ നിയമനം ലഭിച്ചയാളും തിരുവനന്തപുരം സ്വദേശിനിയുമാണ്. ടിയാൾ വിദൂര ജില്ലയിൽ ജോലി ചെയ്യുന്നതുനിമിത്തം ടിയാളുടെ മാതാവ് തനിച്ചാണെന്നും ആയത് നിമിത്തമുള്ള പ്രയാസങ്ങളും അറിയിക്കുകയും സമീപ / സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റത്തിന് ഒന്നാം പരാമർശ പ്രകാരം അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് കരുനാഗപ്പള്ളി സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പി.എസ്.രജനീഷ് ടിയാന്റെ വൃദ്ധ മാതാപിതാക്കളുടെ സംരക്ഷണവും, കോവിഡ് ഡ്യൂട്ടി നോക്കുന്ന നഴ്സായ ടിയാന്റെ ഭാര്യയുടെ അസാന്നിദ്ധ്യവും നിമിത്തം ടിയാന്റെ സ്വദേശമായ തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും കാര്യാലയത്തിൽ സ്ഥലംമാറ്റം ലഭിക്കുന്നതിനായി രണ്ടാം പരാമർശം പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വിഴിഞ്ഞം സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.കെ.എസ്.ബിന്ദു, ഹാർബർ എഞ്ചിനീയറിംഗ് തിരുവനന്തപുരം ഡിവിഷൻ കാര്യാലയത്തിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിനായി മൂന്നാം പരാമർശ പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടി അപേക്ഷകരുടെ അപേക്ഷ പരിഗണിച്ചും ഭരണസൗകര്യാർത്ഥവും താഴെ പറയുന്ന സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വിഴിഞ്ഞം സബ് ഡിവിഷൻ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.ബിന്ദു.കെ.എസ് നെ ടിയാളുടെ അപേക്ഷ പ്രകാരം തിരുവനന്തപുരം ഡിവിഷൻ (വിഴിഞ്ഞം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

T4/Sh

കാര്യാലയത്തിൽ ഒഴിവുള്ള ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 തസ്തികയിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

2. കരുനാഗപ്പള്ളി സബ് ഡിവിഷൻ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.രജനീഷ്.പി.എസ് നെ ടിയാന്റെ അപേക്ഷ പ്രകാരം വിഴിഞ്ഞം സബ് ഡിവിഷൻ കാര്യാലയത്തിൽ ശ്രീമതി.കെ.എസ്.ബിന്ദുവിനെ സ്ഥലം മാറ്റിയ ഒഴിവിൽ നിയമിക്കുന്നു.

3. പുതിയാപ്പ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.ശ്രുതി സുരേഷ് കുമാറിനെ ടിയാളുടെ അപേക്ഷ പ്രകാരം കരുനാഗപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ ശ്രീ.രജനീഷ്.പി.എസ് നെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിക്കുന്നു.

സ്ഥലം മാറ്റം ലഭിച്ചവർ ബന്ധപ്പെട്ട ഓഫീസ് മേധാവി മുമ്പാകെ ജോലിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക് (ഓഫീസ് മേധാവി മുഖേന)

പകർപ്പ്:- 1. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൊല്ലം, തിരുവനന്തപുരം, കോഴിക്കോട്)
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ (തിരുവനന്തപുരം, കോഴിക്കോട്)
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിഴിഞ്ഞം, പുതിയാപ്പ സബ് ഡിവിഷനുകൾക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh